ഓണത്തോടനുബന്ധിച്ച് പോലീസും എക്സൈസും സംയുക്തമായി നടത്തിയ പരിശോധനയിൽ ഒരു ദിവസം കൊണ്ട് റൂറൽ ജില്ലയിൽരജിസ്റ്റർ ചെയ്തത് 121 കേസുകൾ. വാഹന പരിശോധനയിൽ 86 കേസുകളും നിരോധിത പുകയില ഉൽപ്പന്നങ്ങളും, മദ്യവും വിറ്റതിന് 35 കേസുകളുമാണ് രജിസ്റ്റർ ചെയ്തത്. റൂറൽ ജില്ലയിലെ അഞ്ച് സബ് ഡിവിഷനുകളിലും പരിശോധന തുടരുകയാണ്. ഡോഗ് സ്ക്വാഡും പരിശോധനയിൽ പങ്കു ചേരുന്നുണ്ട്. പ്രത്യേക സ്ക്വാഡായി തിരിഞ്ഞാണ് റെയ്ഡ് നടക്കുന്നുത്. വരും ദിവസങ്ങളിലും പരിശോധനകൾ തുടരുമെന്ന് ജില്ലാ പോലീസ് മേധാവി വിവേക് കുമാർ പറഞ്ഞു.